I/242041/2024

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

---

**നമ്പർ.എഫ്6/3126/2019/മെ.വി.വ.** **തീയതി: 28-05-2024**

**കാരണംകാണിക്കൽ നോട്ടീസ്**

**1.** കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ കാർഡിയോ വാസ്കുലർ & തൊറാസിക് സർജറി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ ആയി നിയമന ഉത്തരവ് ലഭിച്ചിട്ടുള്ള താൻ 27/10/2023 ന് ടി വിഭാഗത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട് . എന്നാൽ താങ്കൾ 28/10/2023 മുതൽ ജോലിയ്ക്ക് ഹജരായിട്ടില്ല എന്ന് കോഴിക്കോട് പ്രിൻസിപ്പൽ ഈ ഓഫീസിൽ അറിയിച്ചിരിക്കുന്നു .

അനധികൃതവധിയിൽ തുടരുന്ന താങ്കൾക്ക് തിരികെ ജോലിയിൽ പ്രവേശിയ്ക്കാൻ വേണ്ടി 12/04/2024 ന് പ്രിൻസിപ്പൽ തലത്തിൽ കത്ത് നൽകിയിരുന്നു . പ്രസ്തുത കത്ത് താങ്കൾ 18/04/2024 ന് കൈപ്പറ്റി കൈപറ്റ് രസീത് (AD) തിരിച്ച് വന്നതായി പ്രിൻസിപ്പൽ അറിയിച്ചിരിക്കുന്നു . പ്രിൻസിപ്പൽ തലത്തിൽ നൽകിയ കത്തിൽ മൂന്ന് ദിവസത്തിനകം തിരികെ ജോലിയിൽ പ്രവേശിക്കുവാൻ നിർദേശം നൽകിയിരുന്നു എങ്കിലും താങ്കൾ നാളിതുവരെയും ജോലിയിൽ പ്രവേശിച്ചിട്ടില്ല എന്ന് അറിയിച്ചിരിക്കുന്നു.

നിയമന ഉത്തരവ് കൈപറ്റിയിട്ടുള്ള താൻ ടി വിഭാഗത്തിൽ ജോലിയിൽ പ്രവേശിച്ചശേഷം യാതൊരു അറിയിപ്പും നൽകാതെ പിറ്റേ ദിവസം മുതൽ ജോലിയിൽ നിന്നും വിട്ട് നിൽക്കുന്നു . തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി പ്രിൻസിപ്പൽ തലത്തിൽ നിർദേശം ലഭിച്ചെങ്കിലും ആയതു പാലിക്കാതെ അനധികൃതമായി ജോലിയിൽ നിന്ന് വിട്ട് നിൽക്കുന്ന താങ്കൾ ജോലിയിൽ നിന്നും ആയതിന് യാതൊരു കാരണവും പ്രിൻസിപ്പൽ തലത്തിൽ നൽകിയിട്ടുമില്ല

**2.** കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ് ഭാഗം II (റൂൾ 19 എ( ii ) പ്രകാരം താങ്കളുടെ സേവന നിരീക്ഷണം അവസാനിപ്പിക്കുന്നതിനും സർക്കാരിലേയ്ക്കുള്ള ബാധ്യതകൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനുമുള്ള താത്കാലിക തീരുമാനം എടുത്തിട്ടുണ്ട്.

**3.** താങ്കൾക്കെതിരായ പ്രസ്തുത തീരുമാനം സ്ഥിരപ്പെടുത്താതിരിക്കുന്നതിന് എന്തെങ്കിലും കാരണം ബോധിപ്പിക്കാനുള്ള പക്ഷം ഈ നോട്ടീസ് ലഭിച്ച് പതിനഞ്ച് (15 ) ദിവസത്തിനകം ആയത് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ് . ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ ഒന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ചട്ടപ്രകാരമുള്ള അനന്തരനടപടികൾ കൈകൊള്ളുന്നതാണ് .

വിശ്വസ്തതയോടെ,

Signed by
Thomas Mathew
Date: 28-05-2024 07:29:40

**THOMAS MATHEW**
**DIRECTOR**

I/242041/2024

സ്വീകർത്താവ്

ഡോ. ജോസഫ് തോമസ് കതയനട്ട്,
കതയനട്ട് /10/326 , കീഴുക്കുന്ന്,
റബ്ബർ ബോർഡ് ജംഗ്ഷന് സമീപം ,
കളക്ട്രേറ്റ് , കോട്ടയം -686002.

Or

Dr.. Joseph Thomas Kathayanattu . ,
Kathayanattu/10/326,
Keezhukkunnu,Near Rubber Board Junction ,
Collectorate, Kottayam - 686002